File No.FWLD-D2/244/2018-FWLD

## പതിനാലാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.981 — 06.06.2018 ന് മറുപടിയ്ക്ക്.

## വന്യമൃഗശല്യം കാരണം കാർഷിക വിളകൾക്കുണ്ടായ നാശം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.കെ.ശശീന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ)വയനാട് ജില്ലയിലെ വന്യമൃഗശല്യം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) വയനാട് ജില്ലയിലെ വന്യമൃഗശല്യം തടയുന്നതിന് 422.71 കി.മീ. ആന പ്രതിരോധ കിടങ്ങ്, 22.6 കി.മീ ആന പ്രതിരോധ മതിൽ, 511.629 കി.മീ സൗരോർജ്ജ കമ്പിവേലി, 219.5 കി.മീ വൈദ്യുത കമ്പിവേലി, 650.62 മീറ്റർ കല്ല് പാകിയ കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 73.947 കി.മീ ആന പ്രതിരോധ കിടങ്ങ് നവീകരിച്ചിട്ടുണ്ട്. വന്യജീവികൾക്ക് അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽത്തന്നെ കുടിവെള്ളം ഉറപ്പ് വരുത്തുന്നതിന് 56 ചെക്ക് ഡാമുകൾ, 248 കുളങ്ങൾ , 28 മൺ തടയണകൾ , 65 ബ്രഷ് വുഡ് (brush wood)ചെക്ക് ഡാമുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. |
| (ബി)വന്യമൃഗശല്യം കാരണം കാർഷിക വിളകൾക്കുണ്ടായ നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) ആവശ്യമായ രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷകളിൽ ചട്ടപ്രകാരമുള്ള പരിശോധന നടത്തി കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.